"ഭരണഭാഷ- മാതൃഭാഷ"

9233

03 FEB 2020

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് – ആരോഗ്യ വകുപ്പ് – ജീവനക്കാര്യം – ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യൻ, കൺസൾട്ടന്റ് (ഗൈനക്കോളജി) – 2019-ലെ മെഡിക്കൽ ഓഫീസർമാരുടെ പൊതുസ്ഥലംമാറ്റത്തിനെതിരെ സമർപ്പിച്ച അപ്പീൽ – നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

**സ.ഉ.(സാധാ) നം.190/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 സ.ഉ (സാധ) നം.609/2019/ആകുവ തീയതി 08.03.2019.

2 ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യൻ സമർപ്പിച്ച 11.03.2019-ലെ അപ്പീൽ അപേക്ഷ.

3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.09.2019-ലെ ഇ.എ1-93250/2017/ആവഡ, 04.11.2019-ലെ ഇ.എ1-161/2018/ആവഡ നമ്പർ കത്തുകൾ.

## ഉത്തരവ്

ആരോഗ്യ വകുപ്പിലെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർമാരുടെ 2019 വർഷത്തെ പൊതുസ്ഥലംമാറ്റം പരാമൃഷ്ട സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ, പാലാ ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യന് തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിക്കുകയുണ്ടായി

2) പരാമൃഷ്ട സർക്കാർ ഉത്തരവിലെ സ്ഥലംമാറ്റത്തിനെതിരായി ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യൻ പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 2019 പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റിൽ ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യനെ, ഉദ്യോഗസ്ഥയുടെ ഓപ്ഷൻ സ്ഥാപനമായ കോട്ടയം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുന്നതിനായിട്ടാണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ പരാമൃഷ്ട ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച അന്തിമ ലിസ്റ്റിൽ മറ്റൊരു ജില്ലയായ ഇടുക്കി ജില്ലയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടു എന്നും, ആയതിനാൽ പരാമൃഷ്ട ഉത്തരവ് റിവ്യൂ ചെയ്യണമെന്നും, കരട് സ്ഥലംമാറ്റ ലിസ്റ്റിലെ സ്ഥാപനമായ കോട്ടയം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നും ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യൻ അപേക്ഷിച്ചിരുന്നു.

3) ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യനെ നേരിൽ

കേൾക്കുകയും, മെഡിക്കൽ ഓഫീസർ സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും ഉണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം സമർപ്പിച്ച ശിപാർശയിൽ ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യനെ കോട്ടയം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റി നിയമനം നൽകുവാൻ അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ഭരണപരമായ കാരണങ്ങളാൽ ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യന് കോട്ടയം ജനറൽ ആശുപത്രിയിൽ നിയമനം നൽകാൻ കഴിയാത്തതിനാൽ, ടിയാളെ നിലവിൽ ജോലി നോക്കി വരുന്ന തൊടുപുഴ ജില്ലാ ആശുപത്രിയിൽ തന്നെ തുടരുവാൻ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K NANDA KUMAR

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഇടുക്കി/കോട്ടയം.
ഡോ.ടെസ്സിയമ്മ സെബാസ്റ്റ്യൻ, കൺസൾട്ടന്റ് (ഗൈനക്കോളജി), ജില്ലാ ആശുപത്രി,

തൊടുപുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SREEKALA R
Date: 2020.01.28 12:27:41 IST
Reason: Approved

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1- 161(1)/14/ആ.വ.ഡ തീയതി 11.03.2020**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി